# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2449** **05.02.2018-ൽ മറുപടിക്ക്**

## വാമനപുരം-മീൻമുട്ടി ഹൈഡൽ ടൂറിസം പദ്ധതി

| | ചോദ്യം<br>ശ്രീ. ഡി.കെ മുരളി : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വാമനപുരം നിയോജക മണ്ഡലത്തിൽ നന്ദിയോട് പഞ്ചായത്തിലെ മീൻമുട്ടി ഹൈഡൽ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; | (എ) & (ബി) | വാമനപുരം നിയോജക മണ്ഡലത്തിൽ, നന്ദിയോട് പഞ്ചായത്തിലെ മീൻമുട്ടി ഹൈഡൽ ടൂറിസം പദ്ധതി കഴിഞ്ഞ LDF ഭരണ കാലത്ത് 2006 ഡിസംബറിൽ പ്രവർത്തനം ആരംഭിച്ചതാണ്. എന്നാൽ വെള്ളപ്പൊക്കമുണ്ടായി ഉണ്ടായ നാശനഷ്ടങ്ങളെ തുടർന്ന് ആവശ്യമായ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാതെ 2014-ൽ ഇതിന്റെ പ്രവർത്തനം നിലയ്ക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ടി പദ്ധതി വീണ്ടും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ആദ്യപടിയായി അടിസ്ഥാന സൗകര്യ വികസനത്തിനായി ഹൈഡൽ ടൂറിസം തനതു ഫണ്ടിൽ നിന്നും 4,70,000/- രൂപയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി 18.11.2017-ൽ ടെൻഡർ വിളിച്ച് നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | ഈ പദ്ധതി നവീകരിക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്; വിശദവിവരം നൽകാമോ; | | |
| (സി) | ഈ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും; | (സി) | ടി നവീകരണ പ്രവർത്തനങ്ങൾ 45 ദിവസത്തിനകം പൂർത്തിയാക്കുവാൻ സാധിക്കും. |
| (ഡി) | പ്രസ്തുത പദ്ധതി എപ്പോൾ പ്രവർത്തന സജ്ജമാകുമെന്നറിയിക്കുമോ? | (ഡി) | ടി പദ്ധതി നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി മാർച്ച് അവസാനത്തോടുകൂടി പ്രവർത്തന സജ്ജമാകും. |

സെക്ഷൻ ഓഫീസർ